അപര്യാപ്തതയും സാമ്പത്തിക പരിമിതികളുംകൊണ്ട് കഴിയുന്നതും പുതിയ പദ്ധതികളും ഏടുക്കാതെ നിലവിലുള്ള പദ്ധതികളും പൂർത്തിയാക്കുകയാണ് വേണ്ടതെന്ന് കേന്ദ്ര സർക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേരളത്തിനനുവദിച്ച റയിൽവേ വിഹിതം

106. [156] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85-ലും 1985-86-ലും 1986-87-ലും കേരളത്തിനനുവദിച്ച റെയിൽവേ വിഹിതം എത്ര സംഖ്യ വീതമായിരുന്നു ;

(ബി) 1986-87-ൽ വിഹിതം കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറയ്ക്കാനുണ്ടായ കാരണം വിശദീകരിക്കാമോ ;

(സി) സംസ്ഥാന സബ്സിഡി നിരക്കിൽ വൈദ്യുതി നൽകാമെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടും സംസ്ഥാനത്തിന് ഇലക്ട്രിക് ട്രയിൻ അനുവദിക്കാതിരിക്കാൻ കേന്ദ്രം പറയുന്ന കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) 1986-87 വർഷത്തിൽ കുറ്റിപ്പുറം-ഗുരുവായൂർ, തലശ്ശേരി—മൈസൂർ റെയിൽവേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതായി അറിയുമോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സമ്മർദ്ദം ചെലുത്താൻ നടപടികൾ ഏടുക്കുമോ ?

ഉത്തരം

(എ) 1984-85-ൽ ഏകദേശം 16.29 കോടി രൂപയും 1685-86-ൽ 15.39 കോടിരൂപയും ആയിരുന്നു കേരളത്തിൽ അനുവദിക്കപ്പെട്ട വിഹിതം 1986-87-ലെ തുകയെക്കുറിച്ച് പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

(ബി) ചോദ്യം എ യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) റെയിൽവേ വൈദ്യുതീകരണം മൂലധന ചെലവേറിയ ജോലിയായതിനാൽ ഗതാഗത സാന്ദ്രതയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാ ക്രമത്തിലാണ് മുതൽ മുടക്കുന്നത്. ഡൽഹി, ബോംബ, കൽക്കട്ട, മദ്രാസ് എന്നീ മെട്രോപോളിറ്റൻ നഗരങ്ങളെ ബന്ധിപ്പിക്കുന്ന ട്രങ്ക് റൂട്ടുകൾക്കും കൽക്കരി ഇരുമ്പയിര് തുടങ്ങിയ വ്യവസായങ്ങളുമായി ബന്ധപ്പെട്ട ചില പ്രധാന ലൈനുകൾക്കുമാണ് ഇപ്പോൾ മുൻഗണന നൽകിയിട്ടുള്ളത്. മേൽ വിവരിച്ച കാരണങ്ങളാലും വിഭവശേഷിയുടെ അപര്യാപ്തതയാലും കേരളത്തിലെ റെയിൽവേ ലൈനുകൾ 7-ാം പദ്ധതികാലത്ത് വൈദ്യുതീകരിക്കുക പ്രായോഗികമാവില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) വക കൊള്ളിച്ചിട്ടുള്ളതായി അറിയില്ല.

(ഇ) കേരളത്തെ സംബന്ധിച്ച് ആവശ്യമായ റയിൽവേ വികസന [illegible]ന്റെ കാര്യങ്ങളും പദ്ധതികളും നടത്തി എടുക്കുവാൻ വേണ്ടി കേന്ദ്ര സർക്കാരിനോട് പല പ്രാവശ്യം ആവശ്യപ്പെടുകയും എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിഭവശേഷിയുടെ അപര്യാപ്തതയും സാമ്പത്തിക പരിമിതികളുംകൊണ്ട് കഴിയുന്നതും പുതിയ പദ്ധതികൾ ഏടുക്കാതെ നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുകയാണ് ആവശ്യമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly